REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-08-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ശാസ്ത്ര ജിജ്ഞാസ വളർത്താനും യുവ മനസ്സുകളെ ശാക്തീകരിക്കാനും ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- ആദായനികുതി ബിൽ -2025 ഉം, ടാക്സേഷൻ ഭേദഗതി ബില്ലും പാർലമെന്റ് പാസാക്കി.
- സ്കൂൾ ബാഗുകളുടെ അമിതഭാരം കുറയ്ക്കാൻ നടപടിയെടുത്തുവരികയാണെന്ന് മന്ത്രി V ശിവൻകുട്ടി.
- വെളിച്ചെണ്ണ ഉത്പാദന വിപണന കേന്ദ്രങ്ങളിലെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മിന്നൽ പരിശോധനയിൽ സംശയാസ്പദമായ 16,565 ലിറ്റർ വെളിച്ചെണ്ണ പിടികൂടി.
- ചെങ്ഡു ലോക ഗെയിംസ് വുഷു-വിൽ വെള്ളി മെഡൽ നേടി നമ്രത ബത്ര ചരിത്രമെഴുതി.

## വാർത്തകൾ വിശദമായി

ശാസ്ത്ര ജിജ്ഞാസ വളർത്താനും യുവ മനസ്സുകളെ ശാക്തീകരിക്കാനും ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 18-ാമത് അന്താരാഷ്ട്ര ആസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ് ഒളിമ്പ്യാഡ് ഉദ്ഘാടന ചടങ്ങിൽ വിഡിയോ സന്ദേശത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്.

ഡെസ്ക് റിപ്പോർട്ട്

(വോയ്സ് .........)

അടൽ ടിങ്കറിംഗ് ലാബുകളിലെ പ്രായോഗിക പ്രവർത്തനങ്ങളിലൂടെ ഒരു കോടിയിലേറെ വിദ്യാർത്ഥികൾ ശാസ്ത്രം, സാങ്കേതിക വിദ്യ, എൻജിനീയറിങ്, ഗണിതശാസ്ത്രം എന്നിവ പഠിക്കുന്നുണ്ടെന്ന് നരേന്ദ്ര മോദി പറഞ്ഞു.

64 രാജ്യങ്ങളിൽ നിന്നായി 300-ലധികം പ്രതിഭകളുമായി വെർച്വലായി സംവദിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു. ഇന്ത്യ സഹകരണത്തിന്റെ ശക്തിയിൽ വിശ്വസിക്കുന്നുണ്ടെന്നും ഈ ഒളിമ്പ്യാഡ് അതിനെ പ്രതിഫലിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ഭാവിയിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിനും മാനവികത മെച്ചപ്പെടുത്തുന്നതിനും ഭാവനയും അനുകമ്പയും ഉപയോഗിക്കാൻ പ്രധാനമന്ത്രി യുവ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു. ഇന്ത്യയെ സംബന്ധിച്ച് ആകാശം പരിധിയല്ല, മറിച്ച് തുടക്കം മാത്രമാണെന്നും നരേന്ദ്രമോദി സന്ദേശത്തിൽ ഉറപ്പിച്ചു പറഞ്ഞു.

✪✪✪

ആദായനികുതി ബിൽ -2025 ഉം, ടാക്സേഷൻ ഭേദഗതി ബില്ലും പാർലമെന്റ് പാസാക്കി. നേരത്തെ ലോക്സഭ പാസാക്കിയ ബിൽ, ഇന്നലെ രാജ്യസഭയും പാസാക്കുകയായിരുന്നു. പുതിയ ആദായനികുതി നിയമം നികുതിദായക സൗഹൃദപരമാണെന്ന് രാജ്യസഭയിൽ ബിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ ധനമന്ത്രി നിർമ്മലാ സീതാരാമൻ വിശദീകരിച്ചു.. സാധാരണക്കാരിൽ നികുതിഭാരം വർദ്ധിപ്പിക്കാനോ, അവരിൽ നിന്ന് കൂടുതൽ തുക വാങ്ങാനോ അനുവദിക്കരുതെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വ്യക്തമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിയമം തയ്യാറാക്കിയതെന്ന് നിർമ്മലാ സീതാരാമൻ അറിയിച്ചു.

✪✪✪

വിദേശ ഇന്ത്യൻ പൗരന്മാരുമായി ബന്ധപ്പെട്ട രജിസ്ട്രേഷനും, നടപടിക്രമങ്ങളും ആഭ്യന്തര മന്ത്രാലയം കർശനമാക്കി. രണ്ടു വർഷത്തേക്കോ, അതിൽ കൂടുതലോ ജയിൽശിക്ഷ നേരിടുന്നവരുടെയും, ഏഴു വർഷത്തിലേറെ ശിക്ഷ ലഭിക്കാവുന്ന കേസിൽ കുറ്റപത്രം ലഭിച്ചാലും രജിസ്ട്രേഷൻ റദ്ദാക്കുമെന്ന് മന്ത്രാലയം വ്യക്തമാക്കി. വിദേശത്തേയും, ഇന്ത്യയിലെയും കുറ്റകൃത്യങ്ങൾ ഒരേപോലെയായിരിക്കും പരിഗണിക്കുന്നത്. പല OCI കാർഡ് ഉടമകളും

ക്രിമിനൽ കുറ്റകൃത്യങ്ങളിലും, ദേശവിരുദ്ധ പ്രവർത്തനങ്ങളിലും ഉൾപ്പെടുന്നതായി കണ്ടെത്തിയ സാഹചര്യത്തിലാണ് നടപടി.

✪✪✪

79-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു.

ന്യൂസ് ഡെസ്‌ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)...

ദേശീയ പതാകയുമായി ജനങ്ങളുടെ ആത്മബന്ധം ശക്തിപ്പെടുത്താനും, അറിവു പകരാനും, രാഷ്ട്രനിർമാണത്തിലെ ജനകീയപങ്കാളിത്തത്തിന് കരുത്തേകാനും ലക്ഷ്യമിട്ടാണ്, ഈ മാസം രണ്ട് മുതൽ സ്വാതന്ത്ര്യദിനം വരെ, രാജ്യവ്യാപക കാമ്പയിൻ സംഘടിപ്പിക്കുന്നത്.

സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആദരാഞ്ജലി അർപ്പിക്കാൻ ലഭിക്കുന്ന അവസരമാണിതെന്നും ഇത്തരം കാമ്പെയ്നുകൾ ജനങ്ങളിൽ, പ്രത്യേകിച്ച് യുവതലമുറയിൽ ദേശസ്നേഹം വർദ്ധിപ്പിക്കുമെന്നും ത്രിപുര മുഖ്യമന്ത്രി മണിക്-സാഹ പറഞ്ഞു.

സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി ഏഴിമല നാവിക അക്കാദമി ഇന്ന് പയ്യന്നൂരിൽ ബാൻഡ് പ്രകടനം നടത്തും.

തിരുവനന്തപുരം പാങ്ങോട് സൈനിക സ്കൂളിലും കഴക്കൂട്ടം സൈനിക സ്കൂളിലും ഹർ ഘർ തിരംഗ ക്യാമ്പയിന്റെ ഭാഗമായി ഇന്നലെ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ചു.

✪✪✪

വിദേശ സമ്മർദങ്ങൾക്കിടയിലും വ്യാപാര കരാറുകളിൽ ധീരമായ തീരുമാനമെടുത്തതിന് കർഷക സംഘടനകൾ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നന്ദി അറിയിച്ചു. സംഘടനാ നേതാക്കളും, കൃഷിക്കാരും അടങ്ങുന്ന സംഘം ഇന്നലെ ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാനുമായി കൂടിക്കാഴ്ച നടത്തി. വ്യാജ വളങ്ങളും രാസവസ്തുക്കളും ഉത്പാദിപ്പിക്കുന്നവർക്കെതിരെ ഗവൺമെൻറ് പുതിയ നിയമം കൊണ്ടുവരുമെന്ന് കൂടിക്കാഴ്ചക്കിടെ ചൗഹാൻ അറിയിച്ചു.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് മുംബൈ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ ഇന്ന് നറുക്കെടുപ്പ് നടത്തും. കേന്ദ്ര ഹജ്ജ് കമ്മിറ്റി പുറത്തിറക്കിയ മാർഗനിർദേശ പ്രകാരം 2026 വർഷത്തെ ഹജ്ജിന് ലഭിച്ച അപേക്ഷകളിൽ 65 വയസ്സിന് മുകളിലെ വിഭാഗത്തിനാണ് ആദ്യ പരിഗണന. തുടർന്ന് 2025-ൽ അപേക്ഷിച്ച് അവസരം ലഭിക്കാത്തവരെ പരിഗണിക്കും.

✪✪✪

സ്കൂൾ ബാഗുകളുടെ അമിതഭാരം കുറയ്ക്കാൻ ഗവൺമെന്റ് നടപടിയെടുത്തുവരികയാണെന്ന് മന്ത്രി V ശിവൻകുട്ടി ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു. പാഠപുസ്തകങ്ങളുടെയും നോട്ടുബുക്കുകളുടെയും ഭാരം സംബന്ധിച്ച ആശങ്ക പരിഹരിക്കാൻ എല്ലാവരുടെയും അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നതായി അദ്ദേഹം അറിയിച്ചു. പഠനം ഭാരമാകാതെ സന്തോഷകരമായ അനുഭവമാക്കി മാറ്റാനാണ് ഗവൺമെന്റിന്റെ ശ്രമമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിലെ വാർഡ് പുനർ വിഭജനത്തിന്റെ അന്തിമ വിജ്ഞാപനത്തിന് ഡീലിമിറ്റേഷൻ കമ്മീഷൻ അംഗീകാരം നൽകി. ഇതോടെ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് പുനർ നിർണയപ്രക്രിയ പൂർത്തിയായി.

✪✪✪

ഇന്ന് ലോക അവയവദാനദിനം. സമൂഹത്തിൽ അവയവ ദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ആഗസ്ററ് 13 ലോക അവയവദാന ദിനമായി ആചരിക്കുന്നത്. മറ്റൊരാൾക്ക് പുതിയ ജീവിതം നൽകുന്ന മഹത്തായ മാർഗമാണ് അവയവദാനം എന്ന സന്ദേശത്തോടെയാണ് ദിനാചരണം.

✪✪✪

വെളിച്ചെണ്ണ ഉത്പാദന വിപണന കേന്ദ്രങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മിന്നൽ പരിശോധനയിൽ സംശയാസ്പദമായ 16,565 ലിറ്റർ വെളിച്ചെണ്ണ പിടികൂടിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഏഴ് ജില്ലകളിലായിരുന്നു പരിശോധന. വെളിച്ചെണ്ണ വില വർധിക്കുന്ന സാഹചര്യത്തിൽ അതിന്റെ ഗുണനിലവാരം സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് മന്ത്രി അറിയിച്ചു.

**കൊല്ലം ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ വ്യാജ വെളിച്ചെണ്ണ പിടികൂടിയത്. കേര സൂര്യ, കേര ഹരിതം ബ്രാൻഡുകളിൽപ്പെട്ട 9,337 ലിറ്റർ വെളിച്ചെണ്ണയാണ് ജില്ലയിൽ പിടിച്ചെടുത്തത്. ഹരി ഗീതം എന്ന ബ്രാൻഡിലെ 6,530 ലിറ്റർ വ്യാജ വെളിച്ചെണ്ണ ആലപ്പുഴയിൽ നിന്നും പിടികൂടി.**

✪✪✪

**സപ്ലൈക്കോ വില്പനശാലകളിൽ നിന്ന് സബ്സിഡി നിരക്കിൽ വാങ്ങാവുന്ന കേര വെളിച്ചെണ്ണയുടെ അളവ് രണ്ട് ലിറ്ററായി ഉയർത്തി. 457 രൂപയ്ക്കാണ് കേര സപ്ലൈക്കോയിൽ വിൽക്കുന്നത്. നേരത്തെ ഒരു ലിറ്റർ വെളിച്ചെണ്ണയാണ് സബ്സിഡി നിരക്കിൽ നൽകിയിരുന്നത്. ഇതിനുപുറമെ കാർഡുടമകൾക്ക് ശബരി വെളിച്ചെണ്ണ ഒരു ലിറ്ററിന് 349 രൂപ നിരക്കിൽ നൽകുന്നുണ്ടെന്ന് മന്ത്രി GR അനിൽ വാർത്താകുറിപ്പിൽ അറിയിച്ചു.**

✪✪✪

**ലഹരി കേസുകളിൽ രാജ്യത്ത് ഏറ്റവും ഉയർന്ന ശിക്ഷ നൽകുന്ന സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. മാവേലിക്കര എക്സൈസ് സമുച്ചയത്തിന്റെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. രണ്ടാംഘട്ട നിർമ്മാണത്തിന് തുക ഉടൻ അനുവദിക്കുമെന്ന് മന്ത്രി പറഞ്ഞു.**

✪✪✪

**ചിങ്ങം ഒന്ന് കർഷക ദിനത്തോടനുബന്ധിച്ച സംസ്ഥാന കർഷക അവാർഡുകൾ ഇന്ന് പ്രഖ്യാപിക്കും. തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ ഉച്ചയ്ക്ക് വാർത്താ സമ്മേളനത്തിലായിരിക്കും മന്ത്രി P പ്രസാദ് അവാർഡ് ജേതാക്കളെ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നത്. പുതുതായി ഏർപ്പെടുത്തിയ ആറ് അവാർഡുകൾ അടക്കം 46 വിഭാഗങ്ങളിലാണ് ഇത്തവണ പുരസ്കാരം നൽകുന്നത്.**

✪✪✪

**കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി രാവിലെ തൃശൂരിലെത്തും. ഇന്നലെ പ്രതിഷേധ മാർച്ചിനിടെ പരിക്കേറ്റ BJP നേതാക്കളെ കേന്ദ്രസഹമന്ത്രി സന്ദർശിക്കും. സുരേഷ്ഗോപിയുടെ തൃശ്ശൂർ ഓഫീസിന്റെ ബോർഡിൽ കരിയോയിൽ ഒഴിച്ചതിൽ പ്രതിഷേധിച്ചാണ് BJP പ്രവർത്തകർ CPIM ഓഫീസിലേക്ക് മാർച്ച് നടത്തിയത്.**

✪✪✪

തൃശൂരിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിയുടെ ക്യാമ്പ് ഓഫീസ് അക്രമിച്ച CPIM നടപടി അത്യന്തം അപലപനീയമാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ജനാധിപത്യ പ്രതിഷേധങ്ങളുടെ മറവിൽ അക്രമം നടത്താനാണ് ലക്ഷ്യമെങ്കിൽ, അത് അനുവദിക്കാനാവില്ല. സുരേഷ് ഗോപിക്കെതിരെ CPIM ഉം കോൺഗ്രസും ചേർന്ന് നടത്തുന്ന വ്യാജ പ്രചാരണങ്ങൾ എല്ലാ ജനാധിപത്യ മര്യാദകളും ലംഘിക്കുന്നതാണെന്നും രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. ക്യാമ്പ് ഓഫീസ് ആക്രമണത്തിനെതിരെ ഇന്ന് സംസ്ഥാന വ്യാപക പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുമെന്നും BJP സംസ്ഥാന പ്രസിഡണ്ട് അറിയിച്ചു.

✪✪✪

തൃശ്ശൂരിലെ വോട്ടർ പട്ടിക ക്രമക്കേട് ആരോപണം ഉന്നയിക്കുന്നവർക്ക് ജയിക്കാത്തതിന്റെ നിരാശയാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് പറഞ്ഞു. ഭരണഘടനാ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കാനാണ് കോൺഗ്രസും CPIM ഉം ശ്രമിക്കുന്നതെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ കാട്ടുപന്നിയെ ചത്ത നിലയിൽ കണ്ടെത്തുകയും, പടിയൂരിലെ ഫാമിൽ പന്നിപ്പനി ബാധ കണ്ടെത്തുകയും ചെയ്ത സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി. ആവശ്യമായ സുരക്ഷാ, പ്രതിരോധ നടപടികൾ സ്വീകരിച്ചതായി ജില്ലാ കളക്ടർ അരുൺ K വിജയൻ അറിയിച്ചു.

കണ്ണൂർ ജില്ലാ പ്രതിനിധി K O ശശിധരൻ ..........

(വോയിസ് )..........

✪✪✪

ചെങ്ഡു ലോക ഗെയിംസ് വുഷു-വിൽ വെള്ളി മെഡൽ നേടി നമ്രത ബത്ര ചരിത്രമെഴുതി. വനിതകളുടെ 52 കിലോ വിഭാഗത്തിലാണ് നാല് തവണ ദേശീയ ചാമ്പ്യൻപട്ടം നേടിയ ബത്ര മെഡൽ സ്വന്തമാക്കിയത്. ചൈനീസ് താരം മെങ്യു ചെൻ- ആണ് സ്വർണം നേടിയത്.

✪✪✪

കണ്ണൂർ ആറളം ഫാമിൽ ഓപ്പറേഷൻ ഗജമുക്തി പുരോഗമിക്കുന്നു. ഇന്നലെ വൈകിട്ട് ബ്ലോക്ക് 13 ൽ നിന്ന് ഒരു കൊമ്പനാനയെ ഉരുപ്പുകുന്ന് ഭാഗത്തേക്ക് തുരത്തി. കഴിഞ്ഞ രണ്ട് ദിവസത്തിനിടെ 10 ആനകളെ കാടു കയറ്റിയിട്ടുണ്ട്. ഓപറേഷൻ നാളെ വരെ തുടരും.

✪✪✪

ഇന്ന് സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടി മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

---

.

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷ ജി, സബിത ആനന്ദ്*
*DEO: ഷീബ*